(എ) ഈ വർഷം കെ.എസ്.ആർ.ടി.സി. യിൽ എത്ര പുതിയ ബസുകൾ വാങ്ങാനുദ്ദേശിക്കുന്നു;

(ബി) ഏതെങ്കിലും റൂട്ടുകൾ ഈ വർഷം ദേശസാൽക്കരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ റൂട്ടുകളാണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ വർഷം ഗവൺമെന്റിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനു വിധേയമായി കെ.എസ്.ആർ.ടി.സി.യിൽ 1000 (ആയിരം) പുതിയ ബസുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

135 (1584) ഷൊർണ്ണൂർ കുറ്റിപ്പുറം മംഗലാപുരം റെയിൽവേലൈൻ

ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ കുറ്റിപ്പുറം മംഗലാപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കാനായി ആവശ്യമായ സ്ഥലം കണ്ണൂർ കാസർഗോഡ് ജില്ലകളിൽ അക്വയർ ചെയ്തു റെയിൽവേക്ക് കൈമാറിയോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ഭാഗത്തെ അക്വസിഷൻ നടപടികൾ ഇനിയും പൂർത്തിയാക്കാനുണ്ടെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതിന് ആവശ്യമായ മുഴുവൻ സ്ഥലവും റെയിൽവേയ്ക്ക് കൈമാറിയിട്ടില്ല. റെയിൽവേ അധികൃതർ ആവശ്യപ്പെട്ട സ്ഥലത്തിൽ കണ്ണൂർ മുതൽ പയ്യന്നൂർ വരെയുള്ള സ്ഥലങ്ങൾ റെയിൽവേയ്ക്ക് കൈമാറിക്കഴിഞ്ഞു.

(ബി) തൃക്കരിപ്പൂർ മുതൽ കാസർഗോഡുവരെയും മാഹി മുതൽ കണ്ണൂർ വരെയും, എടക്കാട് മുതൽ ധർമ്മടം വരെയും കണ്ണൂർ മുതൽ വളപട്ടണം വരെയും ഉള്ള അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടില്ല. ഇത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

136 (1585) 'ശബരിമല റെയിൽപ്പാത'

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഒരു മുഴുവൻ കാല തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ശബരിമല റെയിൽപ്പാതയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാതയുടെ സർവ്വേ പൂർത്തിയായിക്കഴിഞ്ഞോ;

LIBRARY ARCHIVES Kerala Legislative Assembly